പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

★നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 130 21/01/2014- ൽ മറുപടിക്ക്

## കുളമ്പുരോഗം തടയുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തോമസ് ചാണ്ടി:<br>ശ്രീ.എ.കെ.ശശീന്ദ്രൻ: | ശ്രീ. കെ.പി. മോഹനൻ.<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി). |
| എ) സംസ്ഥാനത്ത് പടർന്ന്പിടിക്കുന്ന കുളമ്പുരോഗം തടയാൻ എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ; | എ) രോഗബാധിത പ്രദേശത്തിന് ചുറ്റുമായി കുത്തിവയ്പ് (റിങ്ങ് വാക്സിനേഷൻ) നടത്തി വരുന്നു. രോഗം ബാധിച്ച ഉരുക്കൾക്ക് സൗജന്യചികിൽസ, ആവശ്യാനുസരണം മരുന്നുകൾ, പരിസര ശുചീകരണത്തിന് ആവശ്യമായ അണുനാശിനികൾ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. രോഗബാധയുടെ മൂലകാരണം കണ്ടെത്തുന്നതിനായി വിദഗ്ദ പഠനം, ചെക്ക് പോസ്റ്റുകളിൽ കർശന പരിശോധന, രോഗ നിയന്ത്രണ ബോധവൽക്കരണ പരിപാടികൾ എന്നിവ നടത്തിവരുന്നു. |
| ബി) മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള എല്ലാ ചെക്ക് പോസ്റ്റുകളിലും ഡോക്ടർമാരും ആധുനിക പരിശോധനാ സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | ബി) കുളമ്പുരോഗ വാക്സിൻ ശീതീകരിക്കുന്നതിന് ആവശ്യമായ റെഫ്രിജറേറ്ററുകൾ ചെക്ക് പോസ്റ്റുകളിൽ ലഭ്യമാക്കിയിട്ടുണ്ട്. എല്ലാ ചെക്ക് പോസ്റ്റുകളിലും പ്രാഥമിക രക്ത പരിശോധനയ്ക്കുള്ള സംവിധാനങ്ങൾ നിലവിലുണ്ട്. അതിർത്തി സംസ്ഥാനങ്ങളിൽ നിന്നും വരുന്ന രോഗമുള്ള കന്നുകാലികളെ തിരിച്ചയയ്ക്കുവാനും |

രോഗമില്ലാത്തവയെ പരിശോധിച്ച് കടത്തിവിടുവാനും സംസ്ഥാനത്തിന്റെ അതിർത്തി പ്രദേശങ്ങളിൽ മൃഗഡോക്ടർമാരുടെ സേവനം ഉപയോഗപ്പെടുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

സി) ഇല്ലെങ്കിൽ അയൽ സംസ്ഥാനങ്ങളിൽ നിന്ന് വരുന്ന രോഗബാധിതരായ കന്നുകാലികളെ കണ്ടെത്തി തിരിച്ചയയ്ക്കാൻ എന്ത് സംവിധാനമാണ് സർക്കാർ സ്വീകരിച്ചതെന്ന് വെളിപ്പെടുത്താമോ?

സി) ബാധകമല്ല.

സെക്ഷൻ ഓഫീസർ